# പൊങ്ങം നൈപുണ്യ കോളജിൽ കോളജ് ഡേ ആഘോഷിച്ചു

കൊരട്ടി: പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി കോളജിൽ രണ്ടു ദിവസങ്ങളിലായി കോളജ് ഡേ ആഘോഷിച്ചു.

അങ്കമാലി എൽഎഫ് ആശുപത്രി ഡയറക്ടർ ഫാ. വർഗീസ് പൊട്ടയ്ക്കൽ ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടറും പ്രിൻസിപ്പലുമായ ഫാ. കെ.ജെ. പോളച്ചൻ അധ്യക്ഷനായി. നൈപുണ്യ കോളജ് കേരളത്തിലെ പ്ലസ്ടു വിദ്യാർഥികൾക്കായി ഏർപ്പെടുത്തിയ നൈപുണ്യ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തതിനൊപ്പം കോളജിലെ റിസർച്ച് ജേണലായ നൈവിജ്ഞാനും കോളജ് മാഗസിനും പ്രകാശനം ചെയ്തു.

വിവിധ പരിപാടികളുടെയും പഠന മികവിന്റെയും അടിസ്ഥാനത്തിലുള്ള എൻഡോവ്മെന്റുകളും അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു. പിടിഡബ്ല്യു എക്സിക്യൂട്ടീവ് അംഗം ജോൺ, എൻബിഎസ് ഡയറക്ടർ ഡോ. പി.എം. ജേക്കബ് എന്നിവർ പ്രസംഗിച്ചു.

സാക്സോഫോണിസ്റ്റും ഫ്ലൂട്ട് കലാകാരനുമായ സുഭാഷ് ചേർത്തലയുടെ കലാവിരുന്നും വിദ്യാർഥികളുടെ ഒരുക്കിയ ഇതര കലാപരിപാടികളും ഡിജെയും ചടങ്ങ് വർണാഭമാക്കി.

NAIPUNNYA INSTITUTE OF MANAGEMENT & INFORMATION TECHNOLOGY
LIBRARY
PONGAM, KORATTY EAST